I/79143/2022

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885

LR/3932/2022-LR(C2) തീയതി:17-05-2022

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : കെ.ബിജു., ഐ.എ.എസ്.)

വിഷയം:- ഭൂമി ഏറ്റെടുക്കൽ - തിരുവനന്തപുരം ജില്ല - വടക്കേ അരയത്തുരുത്തി മേൽപ്പാല നിർമ്മാണം -പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള ആർ&ആർ.പാക്കേജ് അംഗീകരിച്ച് ഉത്തരവാകുന്നു-

സൂചന:- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19-03-22, 26-04-22 തീയതികളിലെ K3-3111 /2018 നമ്പർ റിപോർട്ടുകൾ.

തിരുവനന്തപുരം ജില്ല, ചിറയിൻകീഴ് താലൂക്കിൽ ശാർക്കര വില്ലേജിൽ ടി.എസ്.കനാലിന് കുറുകെ വടക്കേ അരയത്തുരുത്തി ഭാഗത്ത് മേൽപ്പാലം നിർമ്മി ക്കുന്നതിനായി 0.1351 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 24-02-2018 ലെ GO(Rt) No.677/2018/RD നമ്പർ പ്രകാരം സർക്കാരിൽനിന്നും ഭരണാനുമതി ഉത്തരവ് ലഭ്യ മായിട്ടുള്ളതും, RFCTLARR Act പ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും, 11(1) പ്രാഥമിക വിജ്ഞാപനം 24-06-21 ലെ 1853 നമ്പർ (വാല്യം 10) അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 43 (1), ജി.ഒ(പി) 590/15/ആർ.ഡി.നമ്പർ ഉത്തരവ് പ്രകാരം എൽ.എ.ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ളതാണ്. 29.12.2017 ലെ ജി.ഒ. (എം.എസ്.) 448/2017/ആർ.ഡി. പ്രകാരമാണ് ആർ&ആർ. പാക്കേജ് തയ്യാറാക്കിയി ട്ടുള്ളത്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ കരട് പാക്കേജ് നിയമാനുസൃതം നിശ്ചിത സ്ഥലങ്ങളിലും, 10-02-2022 ലെ ദേശാഭിമാനി ദിനപത്രത്തിലും പ്രസിദ്ധപ്പെ ടുത്തിയിട്ടുണ്ട് . ടി പദ്ധതിയുമായി ബന്ധപ്പെട്ട പൊതു വാദം കേൾക്കൽ 25-02-2022 തീയതിയിൽ നടത്തിയിട്ടുണ്ട്.

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 44, 11.11.2015 ലെ ജി.ഒ.(പി) 589/15/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്ന കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റീസർവ്വേ ബ്ലോക്ക് നമ്പർ | സർവ്വേ നമ്പർ | പേര് | ജി.ഒ.(എം.എസ്.) 448/2017/ആർ.ഡി. പ്രകാരം അനുവദനീയമായ ഘടകം | തുക |
|---|---|---|---|---|---|
| 1 | 12 | 678/16 | ശ്രീമതി.ഷൈനി & സിബിൾ | 1,5,6,10 | 4,60,000 |
| 2 | 12 | 677/4 | ശ്രീമതി.അജിത W/o അശോകൻ | 1,5,6,10 | 4,60,000 |

| | |
|---|---|
| ആകെ | 9,20,000 |

(ആകെ ഒൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം.)

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചതിൽ, 2015 ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ടു നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമ പ്രകാരം നൽകേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള ആർ & ആർ പാക്കേജ് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാ കുന്നു.

എൽ.എ.ആർ.ആർ. ആക്ട് 2013, സെക്ഷൻ 18 പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനി സിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും, ചട്ടം 21 (6) പ്രകാരം പദ്ധതി പ്രദേശത്ത് പ്രചാരത്തിലുള്ള ഏതെങ്കിലും മലയാളം ദിനപത്രത്തിൽ പ്രസിദ്ധീകരി ക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**BIJU K IAS, COMMISSIONER CLR, O/o Commissioner CLR**

പകർപ്പ് :- ജില്ലാ കളക്ടർ
തിരുവനന്തപുരം.

ഇത് കമ്പ്യൂട്ടർ ജനറേറ്റ്ചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.